# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 27.09.2025 മുതൽ 01.10.2025 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.എൻ.ആർ - 77/2025 | തീയ്യതി: 26/09/2025 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 16.7 | 30.4 – 31.9 | 24.0 – 24.6 | 78 – 95 | 02 – 04 |

### ബി.വരുന്ന നാല്ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 27-09-2025 | 28-09-2025 | 29-09-2025 | 30-09-2025 | 01-10-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 1 | 3 | 2 | 2 | 1 |
| കൂടിയതാപനില, °C | 31 | 31 | 31 | 31 | 31 |
| കുറഞ്ഞതാപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 85 | 85 | 85 | 85 | 85 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 8 | 3 | 6 | 4 | 4 |
| കാറ്റിന്റെദിശ, ഡിഗ്രി | 320 | 290 | 290 | 290 | 270 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ ****<br>ഉയർന്ന അന്തരീക്ഷ ആർദ്രതയും ഊഷ്മാവും അനുഭവപ്പെടും. ആകാശം പൊതുവേ ഭാഗികമായും ചിലയിടങ്ങളിൽ പൂർണ്ണമായും മേഘാവൃതമായിരിക്കും | | |
| അപായ സൂചന | സെപ്റ്റംബർ 27 ന് ഒറ്റപെട്ട അതിശക്തമായ മഴയ്ക്ക് സാധ്യത.<br>സെപ്റ്റംബർ 28 ന് ഒറ്റപെട്ട ശക്തമായ മഴയ്ക്ക് സാധ്യത.<br>സെപ്റ്റംബർ 29,30 ന് ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യത. | | |
| **ആഘാതം** | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>വെയിലത്തിട്ടുണക്കുന്ന വിത്തുകൾ, റബ്ബർ, കശുവണ്ടി മുതലായവ നശിച്ചുപോവുകയോ ഗുണനിലവാരം കുറഞ്ഞു പോവുകയോ ചെയ്യുക, കാലി/കോഴി തേറ്റകൾ എന്നിവ പിക്ക് പൂഷൽ പിടിക്കുക മുതലായവ<br>പകൽ സമയത്തെ ഉയർന്ന താപനില മണ്ണിൽ നിന്ന് ഉയർന്ന തോതിൽ ജലനഷ്ടം ഉണ്ടാകാൻ കാരണമാകും. | | |
| **പൊതുനിർദ്ദേശങ്ങൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക. | | |

| | | | |
|---|---|---|---|
| | വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്.<br>മണ്ണിൽ നിന്നും ജലനഷ്ടം ഉണ്ടാകാതിരിക്കാൻ വിളകൾക്ക് പുതയിടുക . | | |
| നെല്ല് | വിവിധ ഘട്ടം | ഓലചുരുട്ടിപുഴു<br> | ഓലചുരുട്ടിപുഴുആക്രമണംഉണ്ടെങ്കിൽമുള്ളുള്ളകമ്പുവലിച്ചുഓലചുരുളുകൾതുറക്കുക.<br>ആക്രമണംരൂക്ഷമാണെങ്കിൽമാത്രംഫ്ലൂബാൻഡൈഅമൈഡ്39.35%SC @1 മില്ലി/10ലിറ്റർവെള്ളത്തിൽഎന്നതോതിൽകലർത്തിതളിച്ച്കൊടുക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ<br> | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| തെങ്ങ് | വിവിധ ഘട്ടം | മഞ്ഞളിപ്പ്<br> | ഓരോ തെങ്ങിൻ തടത്തിലും 2കിഗ്രാം വീതം കുമ്മായം ചേർക്കുക.<br>രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് തടത്തിൽ 200ഗ്രാം ബോറാക്സ്, 500ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 100ഗ്രാം സിങ്ക് സൾഫേറ്റ് എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക. കൂടാതെ തെങ്ങൊന്നിന് രണ്ടു കിലോ വീതം പൊട്ടാഷും ചേർക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി<br> | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| കുരുമുളക് | കായ്ക്കുന്ന സമയം | പൊള്ളു കീടവും രോഗവും<br> | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ അഞ്ചു ലിറ്റർ വെള്ളത്തിനു ഹെക്സകൊണസോൾ കുമിൾ നാശിനി അഞ്ചു മില്ലിയും സൈഹാലോത്രിൻ മൂന്ന് മില്ലിയും വീതം ചേർത്ത് തയ്യാറാക്കിയ ലായനി തളിക്കുക |

| | | | |
|---|---|---|---|
| കശുമാവ് | കായ്ക്കുന്നതിനു മുൻപുള്ള ഘട്ടം | തേയില കൊതുക്  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക<br><br>രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| പശു | വിവിധഘട്ടം | പാദ, വായ രോഗം   | അഫ്‌തോവൈറസ് അണുബാധ മൂലമുണ്ടാകുന്ന വളരെയേറെ പകരുന്ന രോഗമാണ് കാൽ, വായ് രോഗം. അണുബാധയുടെ ഫലമായി വായിലും ചുറ്റുപാടും കാലുകളിലും വെസിക്കുലാർ നിഖേദ് ഉണ്ടാകുന്നു, അതിന്റെ ഫലമായി ഒരു മൃഗം ഭക്ഷണം കഴിക്കാനോ നീങ്ങാനോ വിമുഖത കാണിക്കുന്നു.<br>**പ്രതിരോധം:** വ്യക്തിഗത മൃഗങ്ങൾക്കും അവയുടെ പാർപ്പിടത്തിനും ചുറ്റുപാടുകൾക്കും ശുചിത്വ സാഹചര്യങ്ങൾ ഉറപ്പാക്കുക. ഹെൽത്ത് ടോണിക്കുകൾ അടങ്ങിയ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ തീറ്റകൾ നൽകിക്കൊണ്ട് കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക. രോഗം വന്നാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ മരുന്ന് നൽകുക. |

| | | | |
|---|---|---|---|
| **താക്കീത്**<br>**(ഉടൻനടപടിയെടുക്കുക)** | **ജാഗ്രത**<br>**(തയ്യാറാവുക)** | **ശ്രദ്ധ**<br>**(കാതോർക്കുക)** | **നിസ്സാരം**<br>**(നടപടികൾആവശ്യമില്ല)** |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി